ഉത്തരം

(എ)-(സി) സംസ്ഥാനത്തെ 1214 തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 97-98, 98-99 വർഷങ്ങളിലെ പദ്ധതിപ്രവർത്തനങ്ങളും നിർവ്വഹണവും പൂർണ്ണമായി അവലോകനം ചെയ്യുവാൻ നിലവിലുള്ള വിവര ശേഖരണ സംവിധാനത്തിന്റെ അപര്യാപ്തതമൂലം സാധിച്ചിട്ടില്ല. സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർശൃംഖലയിൽ ഏകോപിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ട് സംസ്ഥാന ആസൂത്രണ ബോർഡ് ആസൂത്രണ കമ്മീഷന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പ്രോജക്ട് പ്രവർത്തനക്ഷമമാകുന്നതോടെ മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ പദ്ധതിപ്രവർത്തനങ്ങൾ പൂർണ്ണമായും അവലോകനം ചെയ്യുവാൻ സാധിക്കുകയുള്ളൂ.

ലഭ്യമായ കണക്കുകളനുസരിച്ച് സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 97-98-ൽ ഉൽപ്പാദനമേഖലയിൽ 24464 പ്രോജക്ടുകളിലായി 25745.87 ലക്ഷം രൂപയും സേവനമേഖലയിൽ 26955 പ്രോജക്ടുകളിലായി 32335.59 ലക്ഷം രൂപയും പശ്ചാത്തലമേഖലയിൽ 16368 പ്രോജക്ടുകളിലായി 17469.21 ലക്ഷം രൂപയുമടക്കം മൊത്തം 67787 പ്രോജക്ടുകളിലായി 75550.67 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായി താൽക്കാലിക കണക്കുകൾ സൂചിപ്പിക്കുന്നു.

97-98-ലെ പദ്ധതി ചെലവു സംബന്ധിച്ച് 1117 സ്ഥാപനങ്ങളിലെ കണക്കുകൾ ലഭ്യമായതിൽനിന്നും അവയ്ക്ക് പദ്ധതി വിഹിതമായി ലഭിച്ച 669.4 കോടി രൂപയിൽ 30.6.98 വരെ 640.6 കോടി രൂപ ചെലവഴിച്ചതായി താൽക്കാലിക കണക്കുകൾ വ്യക്തമാക്കുന്നു. ഇത് പദ്ധതി വിഹിതത്തിന്റെ 95.7 ശതമാനം വരും. പദ്ധതിവിഹിതത്തിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകമാറ്റി ചെലവഴിച്ചതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

ത്രിതല പഞ്ചായത്തുകളിൽ ഓരോന്നും, നഗരപാലികാ സ്ഥാപനങ്ങളിൽ ഓരോന്നും ഓരോ മേഖലകൾക്കുമായി നീക്കിവച്ചതും ചെലവഴിച്ചതുമായ തുകകൾ സ്ഥാപന-മേഖല തിരിച്ചുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

ആലപ്പുഴ ജില്ലയിൽ പദ്ധതിനിർവ്വഹണം നടത്തുന്ന ബ്ലോക്ക് പഞ്ചായത്തുകൾ

102 (2900)ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾ നിലവിൽവന്നശേഷം ആലപ്പുഴ ജില്ലയിൽ പദ്ധതിനിർവ്വഹണത്തിൽ ഏത് ബ്ലോക്ക് പഞ്ചായത്താണ് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കാര്യത്തിൽ ജില്ലയിലെ 12 ബ്ലോക്കുകളുടെ നില മുൻഗണനാക്രമത്തിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) മുതുകുളം ബ്ലോക്ക് പഞ്ചായത്ത്.

(ബി) 1. മുതുകുളം ബ്ലോക്ക് പഞ്ചായത്ത്.
2. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്.
3. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്.
4. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്.

LIBRARY ARCHIVES Kerala Legislative Assembly

5. പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്.
6. ആര്യാട് ബ്ലോക്ക് പഞ്ചായത്ത്.
7. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്.
8. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്.
9. വെളിയനാട് ബ്ലോക്ക് പഞ്ചായത്ത്.
10. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്.
11. തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്.
12. മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത്.

പ്രോജക്ടുകൾക്ക് അംഗീകാരം

103 (2901)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 1999-2000 വർഷത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകുവാൻ ബാക്കി ഉള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകളാണ് ബി. എൽ.ഇ.സി. അംഗീകരിച്ചിട്ടും തടഞ്ഞുവച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രോജക്ടുകൾ തടഞ്ഞുവെയ്ക്കാനുള്ള കാരണങ്ങൾ എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1. വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

2. മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് (നിബന്ധനകൾക്ക് വിധേയമായി അംഗീകരിച്ചു.)

(ബി)&(സി) പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ടാണ് പദ്ധതിരേഖ അംഗീകരിക്കാതിരുന്നത്. ജില്ലാ ആസൂത്രണ സമിതി പരാതികളെക്കുറിച്ച് അന്വേഷിക്കാൻ ഒരു ഏഴംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷം മേൽനടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

എസ്കേപ്ഡ് ടാക്സ്

104 (2902) ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. എം.കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly